"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ 15 ലക്ഷം രൂപ അടങ്കൽ വകയിരുത്തി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ട് നമ്പർ 890/20-21 ഉമയനല്ലൂർ കിറ്റ്ക്കോസ് ലെയ്ത്ത് നിർമ്മാണ യൂണിറ്റ് നവീകരണത്തിന് നിബന്ധനകൾക്ക് വിധേയമായി അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.423/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/02/2021

---

പരാമർശം:- 1 കോല്ലം ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 13/07/2020ലെ 2(5) നമ്പർ തീരുമാനം.

2 21/10/2020ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.27.

**ഉത്തരവ്**

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ട് നം. 890/20-21 കിറ്റ്കോസ് ലെയ്ത്ത് നിർമ്മാണ യൂണിറ്റ് നവീകരണം എന്ന പദ്ധതി ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവഹണ ഉദ്യോഗസ്ഥനായി 15 ലക്ഷം രൂപ പ്ലാൻ ഫണ്ട് വകയിരുത്തി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്.

2. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കിറ്റ്കോസ് ലേയ്ത്ത് നിർമ്മാണ യൂണിറ്റ് നവീകരണത്തിനുള്ള ഈ പദ്ധതി നടപ്പാക്കുന്നതിനായി മാർഗ്ഗരേഖയിലെ താഴെപ്പറയുന്ന നിബന്ധന ഒഴിവാക്കി നല്കി അനുമതി ലഭ്യമാക്കണമെന്ന പരാമർശം ഒന്ന് ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരുമാനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ലഭ്യമാക്കിയിരുന്നു

i. മാർഗ്ഗരേഖപ്രകാരം ധനസഹായം നല്കുന്നതിനുതൊട്ടുമുമ്പുള്ള വർഷം യൂണിറ്റ് പ്രവർത്തനം ലാഭത്തിലാകണമെന്ന നിബന്ധന ഒഴിവാക്കണം.

ii. ചെലവിന്റെ 80 ശതമാനമാണ് ധനസഹായം നല്കാവുന്നത്. ഇത് ഒഴിവാക്കി 100 ശതമാനം ധനസാഹയം നല്കാൻ അനുമതി നല്കണം.

iii. ധനസഹായം ബാങ്കിലേക്ക് ബാക്ക് എൻഡ് സബ്സിഡിയായി നല്കുന്നതിനു പകരം നേരിട്ട് നല്കണം.

3. ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ

കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം രണ്ട് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം ഒന്ന് പ്രകാരം ലഭ്യമാക്കിയിരുന്ന മുകളിൽ പറഞ്ഞതിൽ ഒന്നാമത്തെ നിബന്ധനയായ മാർഗ്ഗരേഖപ്രകാരം ധനസഹായം നല്കുന്നതിനു തൊട്ടുമുമ്പുള്ള വർഷം യൂണിറ്റ് പ്രവർത്തനം ലാഭത്തിലാകണമെന്ന നിബന്ധന ഒഴിവാക്കാൻ പ്രത്യേക അനുമതി നല്കി നൽകിക്കൊണ്ടും ആയതിലെ രണ്ടും മൂന്നും നിബന്ധനകൾ പാലിക്കേണ്ടതാണെന്നും ഉത്തരവാകുന്നു. കൂടാതെ പ്രോജക്ടിൽ എന്ത് തരം നവീകരണമാണ് എന്ന് വ്യക്തമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നല്കണം എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി/പ്രസിഡന്റ് കൊല്ലം ജില്ലാ പഞ്ചായത്ത്.
ചെയർമാൻ ജില്ലാ ആസൂത്രണ സമിതി, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BEENAMMA P A
Date: 2021.02.15 11:30:52 IST
Reason: Approved
സെക്ഷൻ ഓഫീസർ